
ലേഖനം

ഡോ. അനീസ് അഹ്മദ്




# അറിവും അവഗാഹവും

**ചിന്തിച്ചും ഗ്രഹിച്ചും കാര്യങ്ങൾ നിർവഹിക്കുക, ബുദ്ധിയെ മാനദണ്ഡമാക്കുക എന്നതാണ് പ്രപഞ്ച സ്രഷ്ടാവ് അംഗീകരിച്ച രീതി. അതിന്റെ ഫലമായാണ് ഖുർആന്റെ അനുയായികൾ പ്രപഞ്ച ദൃഷ്ടാന്തങ്ങൾ കണ്ടെത്തിയതും ശാസ്ത്ര ഗവേഷണങ്ങളിൽ ഏറെ മുന്നേറിയതും.**

**ഇസ്‌ലാമിക** ചിന്തയുടെയും സംസ്കാരത്തിന്റെയും പ്രകടമായ പ്രത്യേകത, വിജ്ഞാനം നേടാനുള്ള ആഹ്വാനമാണ്. ആദ്യത്തെ ദിവ്യബോധനം തന്നെ വിജ്ഞാന സമ്പാദനത്തിനുള്ള നിർദേശമായിരുന്നു. "സ്രഷ്ടാവായ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഒട്ടിപ്പിടിക്കുന്ന പിണ്ഡത്താൽ സൃഷ്ടിച്ചിരിക്കുന്നു. പേന കൊണ്ട് പഠിപ്പിച്ച നിന്റെ രക്ഷിതാവ് അത്യുദാരനാകുന്നു" (*അൽഅലഖ്* 1-5).

വിശുദ്ധ ഖുർആൻ അവതരിപ്പിച്ച പ്രപഞ്ചനാഥൻ, വിപ്ലവകരമായ ഈ അഞ്ച് സൂക്തങ്ങളിലൂടെ ഇസ്‌ലാമും ഇതര മതങ്ങളും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം, ജ്ഞാനസമ്പാദനത്തിനും വായനക്കും ഇസ്‌ലാം നൽകുന്ന പ്രഥമ പരിഗണനയാണെന്ന് വ്യക്തമാക്കുന്നു. പാശ്ചാത്യരും പൗരസ്ത്യരുമടക്കം ഒരു വൻ ജനവിഭാഗത്തിന്റെ വീക്ഷണത്തിൽ അന്ധവിശ്വാസപരവും അഭൗതികവും പ്രകൃത്യാതീതവുമായ ചിന്തകളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും ആകത്തുകയാണ് മതം. വൈജ്ഞാനിക യുക്തിക്കും ബുദ്ധിക്കുമെതിരാണ് മതമെന്ന് ഇന്നും കരുതിപ്പോരുന്നു. ഒരാളെ മതവിശ്വാസിയെന്ന് പരിചയപ്പെടുത്തുമ്പോൾ, ശാസ്ത്രത്തെയും സാങ്കേതികവിദ്യയെയും നിരാകരിക്കുകയും കാര്യങ്ങളെ അന്ധമായി പിന്തുടരുകയും ചെയ്യുന്നവൻ എന്നാണ് പൊതുവെ മനസ്സിലാക്കപ്പെടുന്നത്.

വിജ്ഞാന സമ്പാദനത്തെപ്പറ്റി മാലാഖമാരുമായുള്ള ഒരു സംവാദ സന്ദർഭം ഖുർആൻ ഉദ്ധരിക്കുന്നുണ്ട്. മനുഷ്യനെ പഠിപ്പിച്ച വസ്തുനാമങ്ങൾ പറയാനാവശ്യപ്പെട്ടപ്പോൾ, പരിമിതമായ

അറിവിനപ്പുറം തങ്ങൾക്കൊന്നിനെക്കുറിച്ചും ധാരണയില്ലെന്നായിരുന്നു മാലാഖമാരുടെ മറുപടി. എങ്കിൽ അല്ലാഹു നൽകിയ വിജ്ഞാനത്തെ ആദരിച്ചുകൊണ്ട് മനുഷ്യനെ പ്രണമിക്കൂ എന്ന് അല്ലാഹു കൽപിച്ചു. ഈ ജ്ഞാനം മനുഷ്യൻ അനുഭവത്തിൽനിന്ന് നേടിയതായിരുന്നില്ല. കേവലം ഊഹമോ സങ്കൽപമോ ആയിരുന്നില്ല. മറിച്ച് ദിവ്യബോധനമായിരുന്നു അതിന്റെ ആധാരം. അതുതന്നെയാണ് അനുവദനീയ നിരോധങ്ങളെക്കുറിച്ച ജ്ഞാനത്തിന്റെയും ഉറവിടം.

വിശുദ്ധ ഖുർആൻ 825 തവണ വിജ്ഞാനത്തെ പരാമർശിച്ചിട്ടുണ്ട്. വിജ്ഞാനത്തിന്റെ യഥാർഥ ഉറവിടം ദിവ്യബോധനമാണെന്നും സമർഥിക്കുന്നു. സൂറ *അർറഹ്മാനിൽ* പറയുന്നു: "ഖുർആൻ പഠിപ്പിച്ചവനത്രെ ഏറ്റം കരുണാമയൻ." പലേടത്തും വിജ്ഞാനവും തത്ത്വജ്ഞാനവും (ഹിക്മത്ത്) ഒന്നിച്ചാണ് പരാമർശിച്ചത്; അവ രണ്ടും മനുഷ്യന്റെ ഏറ്റവും അടിസ്ഥാന ആവശ്യങ്ങളാണെന്ന പോലെ. പ്രവാചകന്മാരെ നിയോഗിച്ചുകൊണ്ടാണ് മനുഷ്യനെ വിജ്ഞാനവും തത്ത്വജ്ഞാനവും പഠിപ്പിച്ചത് എന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നു.

ഇസ്‌ലാമിന് മുമ്പും പിമ്പുമുള്ള സംസ്കാരങ്ങൾക്ക് നിദാനമായ വിജ്ഞാനങ്ങൾക്ക് ഒട്ടേറെ പരിമിതികൾ ഉണ്ടായിരുന്നതായി കാണാം. ആധുനിക സംസ്കാരം, അതിന്റെ അടിത്തറയായി ഭൗതികതയെയും ടെക്നോളജിയെയും അവരോധിക്കുമ്പോൾതന്നെ അവയുടെ മൗലിക ദൗർബല്യങ്ങളും വെളിപ്പെടുത്തുന്നുണ്ട്. മറുവശത്ത് എല്ലാ വിജ്ഞാനങ്ങളുടെയും ഭൂമിക ഖുർആനാണെന്നും അത് ദിവ്യവെളിപാടാണെന്നും അറിയുക വഴി ഒരാൾ അതിലെ ദൃഷ്ടാന്തങ്ങൾ പ്രപഞ്ച ദൃഷ്ടാന്തങ്ങളുമായി ഏറ്റുമുട്ടുന്നില്ലെന്ന് കണ്ടെത്തും. പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളും പ്രതിഭാസങ്ങളും സ്വയമേവ അല്ലാഹുവിനെ അനുസരിക്കുന്നവയാണെന്ന് ഖുർആൻ സാക്ഷ്യം വഹിക്കുന്നുമുണ്ട് (3:83).

കാലഘട്ടത്തിന്റെ ആവശ്യപൂർത്തീകരണത്തിനനുസൃതമായ ജ്ഞാനം നൽകിയാണ് പ്രവാചകനെ നിയോഗിച്ചതെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ചില പ്രവാചകന്മാർ പക്ഷി മൃഗാദികളുടെ ഭാഷ സ്വായത്തമാക്കി, ചിലർ അന്ധരെയും കുഷ്ഠരോഗികളെയും സുഖപ്പെടുത്തി, സാഹിത്യത്തിന്റെ ഉത്തുംഗതയിൽ വിരാജിച്ച അറേബ്യൻ സമൂഹത്തിലേക്ക് അതുല്യവും അദ്വിതീയവുമായ സാഹിത്യവുമായി മുഹമ്മദ് നബിയെ നിയോഗിച്ചു. ഖുർആന്റെ അമാനുഷികതക്കും അപാരതക്കും ബദലായി മറ്റൊന്ന് കൊണ്ടുവരൂ എന്ന വെല്ലുവിളി പ്രപഞ്ചമുള്ളേടത്തോളം കാലം സ്വീകരിക്കപ്പെടാതെ നിലനിൽക്കുമെന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്.

വിജ്ഞാനം മനുഷ്യന്റെ വ്യക്തിത്വത്തെയും പ്രവർത്തനത്തെയും നിർണയിക്കുന്നു. 'തീർച്ചയായും അറിവുള്ളവർ മാത്രമേ അല്ലാഹുവിനെ ഭയപ്പെടുകയുള്ളൂ' എന്ന് ഖുർആൻ. എത്ര ജ്ഞാനം നേടിയാലും അത് സ്രഷ്ടാവിന്റെ ജ്ഞാനത്തിന്റെ നേരിയ ഒരംശം മാത്രമേ ആകൂ. മലയടിവാരത്തിലെ മടയിലെ പ്രാണിക്കൊപ്പം മാത്രമാണ് വിജ്ഞാനം നേടിയാലും മനുഷ്യന്റെ നില. അതിനാലാണ് വിജ്ഞാനവർധനവിനായി പ്രപഞ്ചനാഥനോട് പ്രാർഥിച്ചുകൊണ്ടേയിരിക്കണം എന്ന് പറയുന്നത്.

വെളിപാടിന്റെ അനിവാര്യതയെയും പ്രാധാന്യത്തെയും മനുഷ്യബുദ്ധി അംഗീകരിക്കുന്നു. എന്നല്ല അതിലൂടെ ലഭിച്ച ജ്ഞാനമാണ് യഥാർഥ ജ്ഞാനം. മനുഷ്യന്റെ തോന്നലുകളെയും ഊഹങ്ങളെയും പരമ്പരാഗതമായ അറിവുകളെയും ബുദ്ധിയുടെയും നീതിയുടെയും മാനദണ്ഡം ഉപയോഗിച്ച് പരിശോധിക്കാനും അവയിൽനിന്ന് ഉപകാരമുള്ളത് സ്വീകരിക്കാനും മനുഷ്യന് സാധിക്കുന്നത് ഈ അറിവുള്ളതുകൊണ്ടാണ്. അതിനാലാണ് വിശുദ്ധ ഖുർആൻ പ്രപഞ്ച ദൃഷ്ടാന്തങ്ങളെപ്പറ്റി പറയുമ്പോഴും മനുഷ്യന് വേണ്ട നിയമങ്ങളും പാഠങ്ങളും വിവരിക്കുമ്പോഴും അവയെ ബുദ്ധിയോടും ചിന്തയോടും ബന്ധിപ്പിക്കുന്നത്. വിധവയോടും വിവാഹമോചിതയോടും എങ്ങനെ പെരുമാറണമെന്ന് പറഞ്ഞ ഉടനെ 'ഇവ്വിധം അല്ലാഹു നിങ്ങൾക്ക് നിയമങ്ങൾ വിവരിച്ചു തരുന്നു; നിങ്ങൾ ബുദ്ധിപൂർവം പ്രവർത്തിക്കുന്നതിന് വേണ്ടി' എന്ന് വിശദീകരിച്ചത് ഉദാഹരണം. ചിന്തിച്ചും ഗ്രഹിച്ചും കാര്യങ്ങൾ നിർവഹിക്കുക, ബുദ്ധിയെ മാനദണ്ഡമാക്കുക എന്നതാണ് പ്രപഞ്ച സ്രഷ്ടാവ് അംഗീകരിച്ച രീതി. അതിന്റെ ഫലമായാണ് ഖുർആന്റെ അനുയായികൾ പ്രപഞ്ച ദൃഷ്ടാന്തങ്ങൾ കണ്ടെത്തിയതും ശാസ്ത്ര ഗവേഷണങ്ങളിൽ ഏറെ മുന്നേറിയതും. "ആകാശ ഭൂമികളുടെ സൃഷ്ടിപ്പിൽ, രാപകലുകൾ മാറിമാറിവരുന്നതിൽ, മനുഷ്യനുപകരിക്കുന്ന ചരക്കുകളുമായി കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിൽ, മാനത്ത് നിന്ന് മഴ വീഴ്ത്തി ജീവനില്ലാത്ത ഭൂമിക്ക് ജീവൻ നൽകുന്നതിൽ, ഭൂമിയിൽ വിവിധയിനം ജീവികൾ വ്യാപിക്കുന്നതിൽ, കാറ്റിനെ ചലിപ്പിക്കുന്നതിൽ, ആകാശഭൂമികൾക്കിടയിൽ ക്രമപ്രകാരം നീങ്ങുന്ന മേഘങ്ങളിൽ, എല്ലാറ്റിലും ചിന്തിക്കുന്നവർക്കായി അനേകം തെളിവുകളുണ്ട്; സംശയമില്ല" (*അൽബഖറ*:164). പാഠഭേദത്തോടെയും പദവ്യത്യാസത്തോടെയും നിരവധി തവണ ആവർത്തിച്ചിരിക്കുന്നു ഇക്കാര്യം വിശുദ്ധ വേദഗ്രന്ഥത്തിൽ. ചിന്തയെ ഉപയോഗിക്കണമെന്നും അതുവഴി പ്രപഞ്ചരഹസ്യങ്ങൾ കണ്ടെത്തണമെന്നുമാണ് ഖുർആൻ ഉദ്ബോധിപ്പിക്കുന്നത്.

ചിന്തിക്കുന്ന, മനനം ചെയ്യുന്ന, കേൾക്കുന്ന, കാണുന്ന മനുഷ്യരെയാണ് ഖുർആൻ അഭിസംബോധന ചെയ്യുന്നത്. ചിന്ത, ബുദ്ധി, മനസ്സ് എന്നിവ പ്രയോജനപ്പെടുത്താൻ ആവർത്തിച്ചാവശ്യപ്പെടുന്നതിലൂടെ മനുഷ്യനും ദൃഷ്ടാന്തങ്ങൾക്കുമിടയിലെ തിരശ്ശീല നീക്കാനും ഇന്ദ്രിയങ്ങളെ സജീവവും സക്രിയവുമാക്കാനുമാണ് സ്രഷ്ടാവ് ഉദ്ദേശിക്കുന്നത്. ബുദ്ധി ഉപയോഗിക്കുമ്പോൾ യാന്ത്രികതയും അനുകരണവും ഒഴിവാകും. ചിന്തയും ബോധവും പ്രവർത്തനക്ഷമമാകും. അന്ധമായ വിശ്വാസവും അനുകരണവും ഇസ്‌ലാം ആവശ്യപ്പെടുന്നില്ല. ബുദ്ധിയും ബോധവും അനുഭവജ്ഞാനവുമുപയോഗിച്ച് ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം, സാമ്പത്തികം, രാഷ്ട്രീയം എന്നിങ്ങനെ എല്ലാ മേഖലകളിലെയും പ്രശ്നങ്ങൾക്ക് ഗവേഷണ പ്രവർത്തനങ്ങളിലൂടെ പരിഹാരം കണ്ടെത്താനാണ് അത് നിർദേശിക്കുന്നത്. ബുദ്ധിക്കും ചിന്തക്കുമുള്ള പങ്ക് ഉയർത്തിക്കാട്ടുന്ന ഒരു സംസ്കാരത്തെയും നാഗരികതയെയുമാണ് ഇസ്‌ലാം പരിചയപ്പെടുത്തുന്നത്. ചിന്താപരമായ ഈ ഗ്രാഹ്യത്തിന് ഖുർആനിൽ പ്രയോഗിക്കുന്ന പദം 'തഫഖുഹ്' എന്നാണ്. മനസ്സിലാക്കുക, തിരിച്ചറിയുക എന്നൊക്കെയാണ് ഇതിന്റെ അർഥം.

ചിന്ത, മനനം, ആഴത്തിലുള്ള ഗ്രാഹ്യം ഇതൊക്കെ ചിലർക്ക് മാത്രമായി പതിച്ചുകൊടുക്കുന്ന മതസമ്പ്രദായങ്ങളുമുണ്ട്. ഹിന്ദുമതത്തിൽ ബ്രാഹ്മണർക്കും, ജൂത മതത്തിൽ റബ്ബികൾക്കും മാത്രമേ മതഗ്രന്ഥങ്ങൾ പഠിക്കാനും മത നിയമങ്ങൾ ഗ്രഹിക്കാനും അവകാശമുള്ളൂ. മത

ത്തിലും അതിന്റെ ആരാധനാനുഷ്ഠാനങ്ങളിലുമൊക്കെ ആർക്കും അവഗാഹം നേടാം എന്നാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. കുലവും വംശവും ജാതിയും അതിന് തടസ്സം നിൽക്കില്ല.

വിജ്ഞാന സമ്പാദനത്തിൽ ചിന്തക്കും ദൃഷ്ടിക്കുമുള്ള പ്രാധാന്യം വിവരിച്ചുകൊണ്ട് അത് മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സുപ്രധാന വ്യത്യാസമാണെന്നും മനുഷ്യൻ ഈ കഴിവുകൾ ഉപയോഗിക്കുന്നില്ലെങ്കിൽ മൃഗങ്ങളെക്കാൾ താഴ്ന്നവരാകുമെന്നും ഖുർആൻ പഠിപ്പിക്കുന്നു. കാരണം കാഴ്ചകൊണ്ടും കേൾവികൊണ്ടും മൃഗങ്ങൾ അപകടങ്ങളെ തിരിച്ചറിഞ്ഞു രക്ഷപ്പെടുമ്പോൾ, മനുഷ്യർ അവ ഉപയോഗിക്കാതെ അപകടങ്ങളിൽ പതിക്കുന്നു.

വിശുദ്ധ ഖുർആൻ വിശ്വാസികളോടാവശ്യപ്പെടുന്നത് പഠിക്കാനും ചിന്തിച്ചുഗ്രഹിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനുമാണ്. നിങ്ങൾ ബുദ്ധി ഉപയോഗിക്കണമെന്ന് പറയാത്ത ഒരുപേജ് പോലും ഒരു പക്ഷേ, ഖുർആനിൽ കാണാനാവില്ല. ഖുർആനിലെയും നബിവചനങ്ങളിലെയും അറിവുകൾ കണ്ടെത്തുകയും ചിന്തിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ അന്ധമായ അനുകരണത്തിൽനിന്നും അന്വേഷണമോ പഠനമോ ഇല്ലാതെ ഭൂതകാലത്തിൽ അഭയം തേടുന്ന പതനത്തിൽനിന്നും നമുക്ക് രക്ഷ നേടാനാവൂ. ഖുർആനിൽനിന്നും

**കാലഘട്ടത്തിന്റെ ആവശ്യപൂർത്തീകരണത്തിനനുസൃതമായ ജ്ഞാനം നൽകിയാണ് പ്രവാചകനെ നിയോഗിച്ചതെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ചില പ്രവാചകന്മാർ പക്ഷി മൃഗാദികളുടെ ഭാഷ സ്വായത്തമാക്കി, ചിലർ അന്ധരെയും കുഷ്ഠരോഗികളെയും സുഖപ്പെടുത്തി, സാഹിത്യത്തിന്റെ ഉത്തുംഗതയിൽ വിരാജിച്ച അറേബ്യൻ സമൂഹത്തിലേക്ക് അതുല്യവും അദ്വിതീയവുമായ സാഹിത്യവുമായി മുഹമ്മദ് നബിയെ നിയോഗിച്ചു.**

പ്രവാചകനിൽനിന്നും അകലുകയും അവയുടെ പ്രയോഗത്തെ അവഗണിക്കുകയും ചെയ്തതിന്റെ ഫലമായാണ് മുസ്‌ലിം സമൂഹം ഇത്രയേറെ അധഃപതിച്ചു പോയത്.

വിജ്ഞാനത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനം ദൈവിക വെളിപാടാണെന്നും, അത് ആർജിക്കൽ ഓരോരുത്തരുടെയും വ്യക്തിപരവും സാമൂഹികവുമായ ബാധ്യതയാണെന്നുമുള്ള വേറിട്ട നിലപാട് ഇസ്‌ലാമിന്റെ മാത്രം പ്രത്യേകതയാണ്. അതിനാലാണ് അതൊരു സാമൂഹിക ബാധ്യതയായെങ്കിലും മുസ്‌ലിം സമൂഹം പതിനഞ്ച് നൂറ്റാണ്ടായി കരുതിപ്പോരുന്നത്; അവർ സ്വയം പരമ്പരാഗത വിശ്വാസത്തിൽ നിലകൊള്ളുകയും പുതുതായി ഒന്നും പഠിക്കാതിരിക്കുകയും ചെയ്യുന്നവരാണെങ്കിൽ പോലും. ■

**വിവ: അബ്ദുർറഹ്മാൻ കൊടിയത്തൂർ**